മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഹോസ്ദുർഗ് ആശുപത്രി ഈ അടുത്തകാലത്തായിട്ടാണ് ജില്ലാ ആശുപത്രിയിക്കിയിട്ടുള്ളത്. ഇതിനു മുമ്പ് അത് ഒരു താലൂക്കാശുപത്രിയായിരുന്നു. അതിന്റെ സംവിധാനങ്ങളിൽ ജില്ലാ ആശുപത്രിക്കു വേണ്ടതായ മാറ്റങ്ങളും മുഴുവൻ ഉടനേ വരുത്താൻ കഴിഞ്ഞിട്ടില്ല. കളക്ടറുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഇപ്പോൾ അനസ്തേഷ്യാ വിഭാഗത്തിൽ ആളില്ലാത്തതുകൊണ്ട് ഓപ്പറേഷനു ബുദ്ധിമുട്ടുണ്ട്. അതിനു ഉടനേ തന്നെ സാംഗ്ഷൻ കൊടുത്തിട്ടുണ്ട്. മറ്റ് കാര്യങ്ങളും അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാനും പറഞ്ഞിട്ടുണ്ട്. പാരേറൽ അനുസരിച്ചുള്ള തസ്തികകളും കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ച് ഡിപ്പാർട്ടുമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. അതും കഴിയുന്നതും വേഗത്തിൽ സാംഗ്ഷൻ ചെയ്യാൻ നോക്കാം.

(5) നിലമ്പൂർ വണ്ടൂർ പ്രദേശങ്ങളും കൂട്ടിച്ചേർത്ത് പുതിയ താലൂക്ക് രൂപീകരണം

ശ്രീ. ടി.കെ. ഹംസ : സർ, ആലപ്പുഴ ജില്ലയോളം വിസ്തീർണ്ണമുള്ളതും 10 ലക്ഷം ജനസംഖ്യയുള്ളതുമായ ഒരു താലൂക്കാണ് ഏറനാട് താലൂക്ക്. ഇതിന് 2176 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുണ്ട്. ബ്രിട്ടീഷ് ഭരണകാലം മുതൽ നിലനിൽക്കുന്ന മലബാറിലെ ഏറ്റവും വലിയ താലൂക്കാണ് നിലമ്പൂർ. ബഹുമാനപ്പെട്ട മന്ത്രി എല്ലാ താലൂക്കുകളും വിഭജിക്കുമ്പോൾ വിഭജിക്കാമെന്ന വാക്ക് പറയാതെ നിലമ്പൂർ-വണ്ടൂർ നിയോജക മണ്ഡലങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് ഒരു താലൂക്ക് ഉടനെ പ്രഖ്യാപിക്കേണ്ടതാണ്. ഭരണപരമായി അത്യന്താപേക്ഷിതമായ ഒരാവശ്യമാണ്. ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അറിയാം. പാലാ, മൂവാറ്റുപുഴ, തൊടുപുഴ മുതലായ സ്ഥലങ്ങളിൽ നിന്നും കുടിയേറിപ്പാർത്ത ആളുകളാണ് നിലമ്പൂരിൽ ഭൂരിപക്ഷവും ഉള്ളത്. അതുകൊണ്ട് ഒരു പ്രത്യേക പരിഗണന നിലമ്പൂർ താലൂക്കിനു നല്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :- സർ, കേരളത്തിലെ ഏറ്റവും വലിപ്പം കൂടിയ ഒരു താലൂക്കാണ് ഏറനാട് താലൂക്ക്. ഇത് പ്രത്യേകമായി പരിഗണിക്കണമെന്ന് ആഗ്രഹമുണ്ട്. പക്ഷേ പ്രായോഗികമായി അതിനു ബുദ്ധിമുട്ടുണ്ട്.

(6) ആർട്ടിസാൻസ് ഡെവലപ്പുമെന്റ് കോർപ്പറേഷന്റെ ക്ഷേമപ്രവർത്തനങ്ങൾ

ശ്രീ. പി.സി. തോമസ് (കടുത്തുരുത്തി) : സർ, കേരളത്തിലെ ആർട്ടിസാൻസിനെ ഉദ്ധരിക്കുന്നതിനായി നിലവിലിരിക്കുന്ന ഒരു കോർപ്പറേഷനാണ് കേരളാ സ്റ്റേറ്റ് ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ. ഈ കോർപ്പറേഷന്റെ ക്ഷേമപ്രവർത്തനങ്ങൾ ഇന്ന് വളരെ മന്ദീഭവിച്ചിരിക്കുകയാണ്. അതിന്റെ പ്രധാനകാരണം സാമ്പത്തികമായ ശോചനീയാവസ്ഥ തന്നെ

LIBRARY ARCHIVES Kerala Legislative Assembly